DESPATCHED On...25/6/21...

22/6/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 284(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 3721/SIC-G4/2021)**

**സന്നിഹിതൻ**

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ജൂൺ 22

ശ്രീ. എം. അബ്ദുൾ ഹുസൈൻ,
റ്റി.സി.8/837 വയക്കോണം,
അരയല്ലൂർ, തിരുമല പി.ഒ.,
തിരുവനന്തപുരം – 695 006.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സംസ്ഥാന വഖഫ് ബോർഡ്
ഡിവിഷണൽ ആഫീസ്,
ആർട്ട്ലീ കംഫർട്ട്, നളന്ദ റോഡ്, പി.എം.ജി.,
വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം – 695033.

2) അപ്പീൽ അധികാരി & അഡ്മിനിസ്ട്രേറ്റീവ് കം
അക്കൗണ്ട്സ് ഓഫീസർ,
കേരള സംസ്ഥാന വഖഫ് ബോർഡ്,
മുഖ്യകാര്യാലയം, വി.ഐ.പി. റോഡ്, കലൂർ പി.ഒ.,
കൊച്ചി – 682 017.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 10/02/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/03/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 18/03/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/12/2020 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 15/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 16/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/04/2021 |
| ഹിയറിംഗ് നടന്ന തീയതി | 22/06/2021 – (ആഡിയോ) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എം. അബ്ദുൾ ഹുസൈൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ

നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലെ 2, 3, 4 എന്നീ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചു എന്നും ആയതിൻമേൽ ഒന്നാം അപ്പീൽ അധികാരി അപേക്ഷ നിരസിച്ച് കൊണ്ട് വളരെ വൈകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും വഖഫ് ബോർഡിന്റെ നിയന്ത്രണത്തിൽ ആർ.എ.3722 നമ്പർ പ്രകാരം രജിസ്റ്റർ ചെയ്ത തിരുമല മുസ്ലീം ജമാഅത്തിൽ നിന്ന് ആവശ്യമായ വിവരങ്ങൾ ടിയാന് ലഭിക്കുന്നതിനുള്ള ഉത്തരവുണ്ടാകണമെന്നുമാണ്.

2. 10/02/2020 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, തിരുവനന്തപുരം താലൂക്കിൽ വഖഫ് ബോർഡിന്റെ കീഴിൽ 3722/ആർ.എ നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള തിരുമല മുസ്ലീം ജമാ അത്തിനെക്കുറിച്ചുള്ള താഴെ പറയുന്ന വിവരങ്ങളാണ്:

1) 05.02.2020–ൽ ജമാഅത്തിൽ ഇലക്ഷൻ സംബന്ധിച്ച് പരാതി കക്ഷിയും എതിർകക്ഷികളും സമർപ്പിച്ച മറുപടിയും അതിൻമേൽ ഡിവിഷണൽ വഖ്ഫ് ഓഫീസിൽ സ്വീകരിച്ച നടപടിയുടെയും പകർപ്പുകൾ.
2) 6.12.2019–ൽ തിരുമല മുസ്ലീം ജമാഅത്തിൽ നടത്തിയ പൊതുയോഗത്തിന്റെ തീരുമാനവും അതിൽ പങ്കെടുത്ത അംഗങ്ങളുടെ പേര് വിവരങ്ങളും അംഗങ്ങളുടെ എണ്ണവും
3) തിരുമല മുസ്ലീം ജമാഅത്ത് ഭരണസമിതിയുടെ 2016 ജൂൺ മാസം 1–ാം തീയതി മുതൽ 2019 ഡിസംബർ 31 വരെയുള്ള മിനിറ്റ്സ് രേഖയുടെ പകർപ്പുകൾ
4) തിരുമല മുസ്ലീം ജമാഅത്തിൽ നിലവിൽ പരിപാലന സമിതി ഉണ്ടെങ്കിൽ അവരുടെ എണ്ണവും, പേരും, ഔദ്യോഗിക സ്ഥാനവും, മേൽവിലാസവും നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 07/03/2020 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിലെ 2, 3, 4 എന്നീ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകുകയോ ആവശ്യപ്പെട്ട വിവരങ്ങൾ ബന്ധപ്പെട്ട ജമാഅത്തിൽ അയച്ച് കൊടുത്ത് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിഷയം സംബന്ധിച്ച് ഒന്നാം എതിർകക്ഷിയിൽ നിന്നും ലഭ്യമാക്കിയ

17.12.2020–ലെ എ–ആർ.റ്റി.ഐ.17/2020–ാം നമ്പർ റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് എതിർകക്ഷിയുടെ ഓഫീസിൽ ലഭ്യമായിട്ടുള്ള രേഖകൾ അല്ലായെന്നും ബോർഡിന്റെ 4.10.2017 തീയതിയിലെ എ12–എസ്.ആർ 123/17–ാം നമ്പർ ഉത്തരവിൽ ഓഫീസിൽ ലഭ്യമായ വിവരങ്ങൾ മാത്രം അപേക്ഷകർക്ക് നൽകിയാൽ മതിയെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിനാലാണ് വിവരങ്ങൾ ഫയലിൽ ലഭ്യമല്ലായെന്ന മറുപടി 7.3.2020–ലെ എ–ആർ.ടി.ഐ–17/2020–ാം നമ്പർ കത്തിലൂടെ ടിയാനെ അറിയിച്ചതെന്നും ഒന്നാം അപ്പീലും വിവരാവകാശ അപേക്ഷയും എതിർകക്ഷിയുടെ റിപ്പോർട്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, എതിർകക്ഷിയുടെ ഭാഗത്തു നിന്ന് യാതൊരു വീഴ്ചയും വന്നിട്ടില്ലെന്നും വിവരാവകാശ നിയമപ്രകാരം ഫയലിൽ ലഭ്യമായ വിവരങ്ങൾ നൽകുവാനേ എതിർകക്ഷിയ്ക്ക് നിർവ്വാഹമുള്ളു എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വഖ്ഫ് ബോർഡിൽ ലഭ്യമല്ലാത്തതായിരുന്നുവെന്നുമാണ്.

3. രണ്ടാം എതിർകക്ഷി 03.04.2021 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരനായ ശ്രീ.എം.അബ്ദുൽ ഹുസൈൻ എന്നയാൾ വിവരാവകാശ നിയമപ്രകാരം കേരള സംസ്ഥാന വഖ്ഫ് ബോർഡ് തിരുവനന്തപുരം പ്രാദേശിക കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ബോർഡിൽ 3722/ആർ.എ. നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള തിരുമല മുസ്ലീം ജമാഅത്തുമായി ബന്ധപ്പെട്ട 4 വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും മേൽ വിഷയം സംബന്ധിച്ച് തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും ലഭ്യമാക്കിയ 17.12.2020–ലെ എ–ആർ.ടി.ഐ–17/2020–ാം നമ്പർ റിപ്പോർട്ടിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ടി ഓഫീസിൽ ലഭ്യമല്ലെന്ന് അറിയിച്ച് 07.03.2020 തീയതി എതിർകക്ഷി കത്ത് അയച്ചിട്ടുള്ളതാണെന്നും കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡിന്റെ 4.10.2017–ാം തീയതിയിലെ എ12–എസ്.ആർ–123/2017–ാം നമ്പർ തീരുമാനപ്രകാരം ബോർഡിൽ ലഭ്യമായ വിവരങ്ങൾ മാത്രം വിവരാവകാശ നിയമപ്രകാരം അപേക്ഷകർക്ക് നൽകിയാൽ മതിയെന്ന് എസ്.പി.ഐ.ഒ.മാർക്ക് നിർദ്ദേശമുള്ളതാണെന്ന് ടിയാനെ അറിയിച്ചിട്ടുള്ളതാണെന്നുമാണ്.

4 അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരനായ ശ്രീ. എം. അബ്ദുൽ ഹുസൈന്റെ 10.2.2020–ലെ വിവരാവകാശ അപേക്ഷയിലെ 2, 3, 4 എന്നീ പിരിവുകൾക്ക് എതിർകക്ഷികൾ മറുപടി നൽകാതിരുന്നത് ടി പിരിവുകളിൽ ആവശ്യപ്പെട്ടിരുന്നത് തിരുമല മുസ്ലീം ജമാഅത്തുമായി ബന്ധപ്പെട്ട വിഷയമാണെന്നതിനാലും ടി സ്ഥാപനത്തിന് സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളോ, മറ്റ് ധനസഹായങ്ങളോ

ലഭിക്കുന്നില്ലെന്നതിനാൽ പൊതു അധികാര സ്ഥാപനത്തിന്റെ ഗണത്തിൽ ടി ജമാഅത്ത് വരാത്തതിനാലാണെന്ന് കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ തിരുമല മുസ്ലീം ജമാഅത്ത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ഒരു പൊതുസ്ഥാപനമാണെന്നു സ്ഥാപിക്കുന്ന യാതൊരു തെളിവും അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുമില്ല. ഒരു സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണെന്ന് സ്ഥാപിക്കുന്ന വാദങ്ങൾ കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ട ചുമതല ഹർജിക്കാരന്റേതാണ്. ആയതിനാൽ ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം അത്തരം ഏതെങ്കിലും വാദങ്ങൾ ഉണ്ടെങ്കിൽ ആയത് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രേഖാമൂലം ഹാജരാക്കേണ്ടതാണ്. അപ്രകാരം എന്തെങ്കിലും വാദങ്ങൾ ഹാജരാക്കുകയാണെങ്കിൽ ആയത് കമ്മീഷൻ പരിശോധിച്ച് ഇക്കാര്യത്തിൽ തുടർനടപടികൾ കമ്മീഷൻ സ്വീകരിക്കുന്നതാണ്. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുമോ എന്ന കാര്യം ഒന്നാം എതിർകക്ഷി ഒരിക്കൽ കൂടി പരിശോധിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ജൂൺ 22 –ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

യു.എസ്

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM